II അനുമോദനം

ജ്ഞാനപീഠം പുരസ്കാരം ലഭിച്ച ശ്രീ. ഒ.എൻ.വി. കുറുപ്പിന് അനുമോദനം

മി. സ്പീക്കർ : മലയാളത്തിന്റെ പ്രിയകവി ശ്രീ. ഒ.എൻ.വി. കുറുപ്പിന് ഭാരതീയ സാഹിത്യത്തിലെ പരമോന്നത പുരസ്കാരമായ 2007-ലെ ജ്ഞാനപീഠം അവാർഡ് ലഭിച്ചു. മഹാകവി ജി. ശങ്കരക്കുറുപ്പ്, എസ്. കെ. പൊറ്റക്കാട്, തകഴി ശിവശങ്കരപ്പിള്ള, ശ്രീ. എം. ടി. വാസുദേവൻ നായർ എന്നിവർക്കുശേഷം കവിയും മലയാളികളുടെ പ്രിയപ്പെട്ട അദ്ധ്യാപകനും ചലച്ചിത്ര-നാടക ഗാനരചയിതാവുമായ ശ്രീ. ഒ.എൻ.വി.ക്ക് ജ്ഞാനപീഠം ലഭിക്കുമ്പോൾ മലയാള ഭാഷ ഒരിക്കൽ കൂടി ആദരിക്കപ്പെടുകയാണ്.

ഒറ്റപ്ളാവിൽ നീലകണ്ഠൻ വേലുക്കുറുപ്പ് എന്ന ഒ.എൻ.വി. 1931-ൽ ചവറയിൽ ഒ. എൻ. കൃഷ്ണക്കുറുപ്പിന്റെയും കെ. ലക്ഷ്മിക്കുട്ടി അമ്മയുടേയും മകനായി ജനിച്ചു. ചവറ സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കൊല്ലം എസ്.എൻ. കോളേജിൽ നിന്നും ബിരുദവും മലയാള സാഹിത്യത്തിൽ കേരളസർവ്വകലാശാലയിൽനിന്നും ബിരുദാനന്തരബിരുദവും നേടി. കേരള ചരിത്രത്തിലെ അരുണാഭമായ ഒരു കാലത്തിന്റെ ഉൾത്തുടിപ്പുകളും വിശ്വാസ തീവ്രതകളും കാല്പനിക ഭാവങ്ങളും ആത്മവേദനകളും മനുഷ്യനേയും പ്രകൃതിയേയും കുറിച്ചുള്ള ഉത്ക്കണ്ഠകളും ഒ.എൻ.വി.യുടെ കാവ്യലോകത്ത് നമുക്ക് ദർശിക്കാം. പ്രാദേശികമെന്നപോലെ സാർവ്വദേശീയമായ വീക്ഷണവും ഒ.എൻ.വി. കവിതകളുടെ സവിശേഷതയാണ്. സമകാലീന മലയാള കവിതയുടെ നേതൃസ്വരമായി ഒ.എൻ.വി.യെ നിരീക്ഷിച്ച ജ്ഞാനപീഠ സമിതി "പുരോഗമന സാഹിത്യത്തിലൂടെ മാനവികതയിലേക്ക് വഴിമാറിയെങ്കിലും സാമൂഹിക പ്രത്യയശാസ്ത്രത്തെ കവി കൈവിട്ടില്ലെന്ന്" അഭിപ്രായപ്പെടുകയുണ്ടായി. വാല്മീകിയും കാളിദാസനും മുതൽ ടാഗോർ വരെയുള്ള മഹാകവികൾ ഒ.എൻ.വി.യുടെ സാഹിത്യ ജീവിതത്തെ സ്വാധീനിച്ചതായും കാല്പനിക ഭാവനകളെ ശാസ്ത്രീയ ബിംബങ്ങളുമായി സംയോജിപ്പിക്കുകയും മനസ്സിന്റെ ആഴങ്ങളെ സ്പർശിക്കുന്ന കേരളത്തിന്റെ നാടോടി പാരമ്പര്യവും പാരിസ്ഥിതിക അവബോധവും തന്റെ കവിതകളിൽ സന്നിവേശിപ്പിച്ചിട്ടുള്ളതായും പുരസ്കാര സമിതി വിലയിരുത്തി.

പത്മശ്രീ, കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ, ഉള്ളൂർ അവാർഡുകൾ, എഴുത്തച്ഛൻ പുരസ്കാരം, സോവിയറ്റ് ലാന്റ് നെഹ്രു അവാർഡ്, ആശാൻ പ്രൈസ് എന്നിവയ്ക്കുപുറമെ ചലച്ചിത്രഗാന രചനയ്ക്കുള്ള സംസ്ഥാന അവാർഡ് പതിമൂന്ന് തവണയും ദേശീയ അവാർഡ് ഒരു തവണയും ഒ.എൻ.വി.ക്ക് ലഭിച്ചിട്ടുണ്ട്. മനുഷ്യമനസ്സുകളുടെ കിനാവും നോവും കൊച്ചു കൊച്ചു സന്തോഷങ്ങളും ഹൃദ്യമായ രചനകളിലൂടെ നമുക്ക് നൽകിയ ശ്രീ. ഒ.എൻ.വി.ക്ക് ജ്ഞാനപീഠപുരസ്കാരം ലഭിച്ചതിലുള്ള സന്തോഷത്തിൽ ഈ സഭ പങ്കുചേരുകയും ആദ്ദേഹത്തിന്റെ മഹത്തായ നേട്ടത്തിൽ ഹാർദ്ദമായി അഭിനന്ദിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly